പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5777 02.07.2014 ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾക്ക് കൃഷി ഭൂമി, വീടുവെയ്ക്കാൻ ഭൂമി എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി.ബി. അബ്ദുൾ റസാക് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി, വീടുവെയ്ക്കാൻ ഭൂമി എന്നിവയ്ക്ക് സഹായം നൽകുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | പദ്ധതികളുടെ പ്രവർത്തന പുരോഗതി ജില്ലാ പട്ടികജാതി വികസന ആഫീസർമാരുടെ പ്രതിമാസ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. 'കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി' നൽകുന്ന പദ്ധതി, ഭൂമിയുടെ വില വർദ്ധിച്ചതു കാരണവും മതിയായ ഗുണഭോക്താക്കളെ ലഭിക്കാത്തതു കാരണവും ലക്ഷ്യം കൈവരിക്കാനായിട്ടില്ല. ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി അവലോകനം ചെയ്തതിൽ നിലവിലുള്ള ധനസഹായ തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു. |
| (ബി) | വീടുവയ്ക്കാൻ ഭൂമി വാങ്ങി നൽകിയവർക്ക് ആ ഭൂമിയിൽ ഭവന നിർമ്മാണം നടത്താനുള്ള പദ്ധതിയുടെ വിശദവിവരം നൽകുമോ? | (ബി) | ഭവന നിർമ്മാണ ധനസഹായമായി നിലവിൽ 2 ലക്ഷം രൂപ അനുവദിച്ചു വരുന്നു. ഇത് 30000, 60000, 80000,30000 എന്നിങ്ങനെ 4 ഗഡുക്കളായാണ് അനുവദിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ജാതി, വരുമാനം, കൈവശാവകാശ സർട്ടിഫിക്കറ്റുകൾ, വാസയോഗ്യമായ വീടില്ലെന്ന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഭവന നിർമ്മാണ ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സഹിതം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പട്ടികജാതി വികസന ആഫീസർക്ക് അപേക്ഷ സമർപ്പിക്കണം. നിലവിൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലൂടെയാണ് തുക വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ